**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2253</u>** **<u>21-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ഒപ്പം പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കുന്ന ഒപ്പം പദ്ധതി വിജയകരമായി നടന്നുവരുന്നുണ്ടോ; അതുവഴി എത്ര ഉണഭോക്താക്കൾക്ക് റേഷൻ വിഹിതം വീട്ടുകളിൽ എത്തിച്ചു നൽകാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (എ) | വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത 'അങ്ങേയറ്റം ദരിദ്രരായ' കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീട്ടുകളിൽ എത്തിക്കുന്നതിനാണ് 'ഒപ്പം' പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഓട്ടോ തൊഴിലാളികളുടെ സമ്പൂർണ്ണ സഹകരണത്തോടുകൂടി നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ ഉണഭോക്താക്കൾക്ക് അവരുടെ റേഷൻ വിഹിതം എല്ലാ മാസവും 10-ാം തീയതിക്കു മുമ്പ് സൗജന്യമായി വീട്ടിൽ എത്തിക്കും. 2023 ഫെബ്രുവരി 13 ന് തൃശ്ശൂർ ജില്ലയിൽ ആരംഭിച്ച് എല്ലാ ജില്ലകളിലും വിജയകരമായി നടപ്പാക്കിയ പദ്ധതിയിലൂടെ നിലവിൽ 849 ഉണഭോക്താക്കൾക്ക് റേഷൻസാധനങ്ങൾ വീട്ടിലെത്തിച്ച് നൽകുന്നുണ്ട്. വിശദാംശങ്ങൾ **അനുബന്ധ**മായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നം. | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 20 |
| 2. | കൊല്ലം | 76 |
| 3. | പത്തനംതിട്ട | 20 |
| 4. | കോട്ടയം | 9 |
| 5. | ഇടുക്കി | 34 |
| 6. | ആലപ്പുഴ | 38 |
| 7. | എറണാകുളം | 24 |
| 8. | തൃശ്ശൂർ | 434 |
| 9. | പാലക്കാട് | 35 |
| 10. | മലപ്പുറം | 55 |
| 11. | കോഴിക്കോട് | 24 |
| 12. | വയനാട് | 18 |
| 13. | കണ്ണൂർ | 26 |
| 14. | കാസർഗോഡ് | 36 |
| | ആകെ | 849 |

സെക്ഷൻ ഓഫീസർ